GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

K20U 0503

Reg. No. : ..............................

Name : ..................................

II Semester B.A./B.Sc. Degree CBCSS (OBE) – Regular Examination, April 2020
(2019 Admission)

ADDITIONAL COMMON COURSE IN MALAYALAM

2 A 08 MAL : കവിതാമാതൃകകൾ

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന 4 ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണത്തിനു** 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ'യിലെ ഭാഷാപരമായ പ്രത്യേകതകൾ ശരദ്വർണ്ണനത്തെ ആസ്പദമാക്കി വിശദീകരിക്കുക.

2) 'മനുഷ്യസൃഷ്ടി' എന്ന കവിതയ്ക്കൊരു ആസ്വാദനം തയ്യാറാക്കുക.

3) പ്രകൃതിക്കും മനുഷ്യനും സംഭവിച്ച മാറ്റം ചർച്ച ചെയ്യുന്ന കവിതയാണ് 'കാലവർഷമേ നന്ദി.' വിലയിരുത്തുക.

4) മലയാളത്തിലെ സ്ത്രീപക്ഷകവിതയ്ക്കൊരാമുഖം എന്ന വിഷയത്തെക്കുറിച്ചു പാഠഭാഗത്തിലെ കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക. **(2×7=14)**

II. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ നിന്ന് 4 ചോദ്യത്തിന് 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.

5) ആശാഭംഗത്തിന്റെ സ്ത്രീരൂപമാണ് ശൂർപ്പണഖ. ശൂർപ്പണഖാഗമത്തെ ആസ്പദമാക്കി വിശദീകരിക്കുക.

6) ശ്രീകൃഷ്ണന്റെ കുട്ടിക്കാലം ചെറുശ്ശേരി എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് ?

7) വാസവദത്തയെയും വാസവദത്തയുടെ ഭവനത്തെയും കവി എപ്രകാരമാണ് വർണിച്ചിരിക്കുന്നത് ?

8) 'ഓണപ്പാട്ടുകാർ ഒരു ചെറിയ മഹാകാവ്യമാണ് ' എന്ന നിരീക്ഷണം എത്രമാത്രം പ്രസക്തമാണ് ? വിശകലനം ചെയ്യുക.

9) സമകാലികവസ്ഥയോടുള്ള ശക്തമായ പ്രതിഷേധമാണ് 'ഒരു കാലമുണ്ടായിരുന്നു' എന്ന കവിത. വിലയിരുത്തുക.

10) 'പ്രണയത്തിന്റെ വ്യത്യസ്ത ഭാവതലങ്ങൾ' അവതരിപ്പിക്കുന്ന കവിതയാണ് 'രാത്രി മഴ' – ചർച്ച ചെയ്യുക. **(4×3=12)**

P.T.O.

III. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) ശൂർപ്പണഖയുടെ ചോദ്യങ്ങൾക്കു ശ്രീരാമൻ നൽകിയ മറുപടി എന്താണ് ?

12) ദൈവം സൃഷ്ടിച്ച സ്ത്രീയുടെ സൗന്ദര്യം എങ്ങനെയുള്ളതായിരുന്നു ?

13) 'കാടുചൊല്ലുന്നതാമെന്നക്കബളിപ്പിക്കുവാൻ കൈയി –
ലോടുമേന്തി നടക്കുമീയുൽപലബാണൻ'.
വാസവദത്ത ചിന്തിച്ചതെന്താണ് ? തോഴിയോടു പറഞ്ഞതെന്താണ് ?

14) ഇവളെൻ ഹൃദയത്തിന്നോമന,
ഗിരികന്യ
ഇവളെ സ്നേഹിക്കയാലസ്വസ്ഥം
മമജന്മം
– കവയിത്രിയുടെ മനസ്സ് അസ്വസ്ഥമാകുന്നത് എന്തുകൊണ്ടാണ് ?

15) 'മാൻമാർക്ക് കുട'യിൽ തെളിയുന്ന സാമൂഹികവിമർശം കണ്ടെത്തുക ?

16) അടുക്കളയിൽ നിന്നു വേറെ പര്യായങ്ങൾ ആവശ്യമില്ലെന്നു പറയാൻ കവിയെ പ്രേരിപ്പിച്ചതെന്താണ് ? **(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) വിവാഹാഭ്യർത്ഥനയുമായി എത്തിയ ശൂർപ്പണഖയ്ക്കു ലക്ഷ്മണൻ നൽകിയ മറുപടി എന്താണ് ?

18) 'കണ്ണന്റെ കാന്തിയെ കൈതുടർന്നു നിങ്ങൾ
എന്നുടെ കാന്തിയോ വേണ്ടയല്ലോ.
ആര് ആരോടാണ് പറഞ്ഞത് ? എന്താണ് പറഞ്ഞത് ?

19) മാപ്പിളപ്പാട്ട്.

20) 'ഞങ്ങൾ കഥിപ്പൂ
പാരിതിലാദിയിലുദയം കൊണ്ട് പൊ –
ലിഞ്ഞൊരു പൊന്നോണത്തിൻ ചരിതം'
– എങ്ങനെയുള്ള പൊന്നോണമാണ് ആദിയിലുണ്ടായിരുന്നത് ?

21) 'അടുക്കളയിലെ തീയൊഴിയാത്ത കല്ലുകളായി സ്ത്രീയെ ഉപമിക്കുന്നതിലെ സാംഗത്യം എന്താണ് ?

22) 'പട്ടിയായിരിക്കുക' എന്ന കവിതയിൽ 'പട്ടി' പ്രതിനിധാനം ചെയ്യുന്ന അർത്ഥ തലമെന്താണ് ? **(4×1½=6)**